1985-86-ൽ ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തിയ പണികൾ

* 467 [497] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 സാമ്പത്തിക വർഷത്തിൽ ആർ.എൽ.ഇ.ജി.പി. യിൽ പെടുത്തിയ പണികളൊന്നും ബ്ലോക്കധികൃതർ ഏറെടുത്ത് നടത്തിയില്ലെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ട് പണികൾ നടന്നില്ലെന്ന് അന്വേഷിച്ചിട്ടുണ്ടോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഏതാനും ചില പണികൾ ഏറെടുക്കാൻ സാധിച്ചിട്ടില്ല എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. തടസ്സങ്ങൾ മാറ്റി പണികൾ എത്രയും വേഗം ആരംഭിക്കാൻ നേരത്തേ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്. ഡബ്ലിയു. ടി. ഡി. ബോട്ടുകളുടെ ചാർജ്ജ് നിരക്ക്

* 468 [498] ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി):

,, വി. കേശവൻ:

,, സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ഡബ്ലിയു. ടി. ഡി. ബോട്ടുകളുടെ ചാർജ്ജ് നിരക്ക് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, എന്താണെന്ന് വ്യക്തമാക്കാമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇറിഗേഷൻ ചീഫ് ഇഞ്ചിനീയർ ചെയർമാനായും, ജല ഗതാഗതവകുപ്പ് ഡയറക്ടർ കൺവീനറായും ഒരു ഏഴംഗ സമിതിയെ ചാർജ്ജ് നിരക്കുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നകാര്യം പരിശോധിക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്.

(സി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷമേ ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly